"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് - ടി.ബി. രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്ന 2025-26ലെ പ്രോജക്ടിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.645/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.623/2025/LSGD; തീയതി 06.03.2025
2. കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2025-ലെ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.26

**ഉത്തരവ്**

ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്ന പ്രോജക്ട് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സുസ്ഥിര ആരോഗ്യ പദ്ധതി - ടി.ബി. രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകൽ പദ്ധതി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്നുണ്ട്. പരാമർശം 1 പ്രകാരം മേൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി ഇല്ലാത്തതിനാൽ 2025-26 ൽ പ്രസ്തുത പദ്ധതി ജില്ലാ മെഡിക്കൽ ഓഫീസർ വെറ്റ് ചെയ്ത് നൽകിയില്ല എന്നും, പോഷകാഹാര കിറ്റ് തടസ്സപ്പെട്ട സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതിക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം മാത്രമായി ടി പ്രൊജക്ട് വെറ്റ് ചെയ്തു നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകുകയും, പ്രസ്തുത വിഷയത്തിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണെന്ന് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ ആസൂത്രണ സമിതി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മേൽ നടപടിക്ക് സാധൂകരണം നൽകണമെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷയ രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നതിന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് 2025-26 ൽ പ്രോജക്ട് (പ്രോ.നം. 51/26) ഏറ്റെടുത്ത് നടപ്പാക്കിയതിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

3. ഇനി മുതൽ ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്ന പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും എടുക്കണമെന്നും ഇത് ജില്ലാ ആസൂത്രണസമിതി

ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരം പ്രോജക്ട് ഏറ്റെടുക്കുന്നതിന് ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്
7. സ്റ്റേറ്റ് ടി.ബി. ഓഫീസർ കേരളം
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-03-2026 11:01:44

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്